പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3327** 12.12.2014 - ലെ മറുപടിയ്ക്ക്

## ഉടുമ്പൻചോല ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) ഉടുമ്പൻചോല ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് എവിടെയാണ് പ്രവർത്തിക്കുന്നത് അറിയിക്കാമോ; | (എ) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് പ്രവർത്തിക്കുന്ന സ്വകാര്യ കെട്ടിടത്തിന്റെ വിലാസം ചുവടെ ചേർക്കുന്നു.<br><br>കലയത്തിനാൽ ബിൽഡിംഗ്,<br>കട്ടപ്പന പി.ഒ, കട്ടപ്പന |
| (ബി) ഉടുമ്പൻചോല ആസ്ഥാനമായ നെടുംകണ്ടത്ത് പണിപൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ള സിവിൽ സ്റ്റേഷനിൽ ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഉടമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിനായി നെടുംകണ്ടം മിനി സിവിൽ സ്റ്റേഷനിൽ 796 ചതുരശ്ര അടി സ്ഥലം അനുവദിച്ചിട്ടുണ്ട്. |
| (സി) ഉടുമ്പൻചോല താലൂക്കിലെ നെടുംകണ്ടം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കേണ്ട സ്ഥാപനം മറ്റൊരു താലൂക്കിൽപ്പെടുന്ന കട്ടപ്പനയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുവരാൻ ഇടയാകുന്ന സാഹചര്യം വിശദികരിക്കാമോ; | (സി) ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് നെടുംകണ്ടം മിനി സ്റ്റേഷനിലേക്ക് മാറ്റുന്നതിന് സാമ്പത്തിക സ്ഥിതിവിവര കണക്ക് ഇടുക്കി ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. നിലവിൽ അനുവദിച്ചിരിക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം ഇവ ലഭിക്കാത്തതിനാലാണ് ഉടുമ്പൻചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത്. |

| | |
|---|---|
| (ഡി) ഉടുമ്പൻചോല താലൂക്ക് ആസ്ഥാനമായ നെടുംകണ്ടത്തെ സിവിൽ സ്റ്റേഷനിലേക്ക് താലൂക്ക് ഇക്കണോമിക്കൽ & സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരി ക്കുമോ; | (ഡി) ഈ ആഫീസിനായി അനുവദിച്ചിരിക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ കൈകൊണ്ട് വരുന്നു. ഇവ ലഭ്യമാകുന്ന മുറയ്ക്ക് ഉടുമ്പൻ ചോല താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ് നെടുംകണ്ടത്തെ സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**